**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **19-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് വേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ അധ്യയന വർഷം ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്ക് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങളും ഐ.ടി അധിഷ്ഠിത പഠനത്തിന് ഓരോ ക്ലാസിലേയും എല്ലാ വിഷയങ്ങളുടേയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങളും അവ ക്ലാസ് മുറികളിൽ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനായി അധ്യാപക പരിശീലനവും ഉപകരണ വിതരണവും സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപകർക്കൊപ്പം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സാങ്കേതികവിദ്യാ സൗകര്യങ്ങൾ മനസിലാക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. സാങ്കേതിക വിദ്യയിൽ താത്പര്യവും വൈദഗ്ധ്യവുമുള്ള കുട്ടികളെ ഹൈസ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി കൂടുതൽ അറിവ് നൽകുന്നതിനും അത് സഹപാഠികൾക്ക് പകർന്നു നൽകുന്നതിനും സഹായിക്കുന്ന വിധത്തിൽ 'ലിറ്റിൽ കൈറ്റ്സ്'ഐ.ടി ക്ലബ്ബുകൾ ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 60,000 ത്തിലധികം കുട്ടികളെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തിരഞ്ഞെടുത്ത് അനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ് നിർമാണം, ഗ്രാഫിക്സ് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, ഐ.ഒ.ടി, റോബോട്ടിക്സ്, സൈബർ സുരക്ഷ ഉൾപ്പെടെയുള്ള മേഖലകളിൽ പരിശീലനവും നൽകുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിതബുദ്ധി (എ.ഐ.) |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പുതിയ കാലത്തിന്റെ പ്രതീക്ഷകളും വെല്ലുവിളികളും ധൈര്യപൂർവം നേരിടുന്ന പുത്തൻ തലമുറയെ സൃഷ്ടിക്കുന്നതിന് വേണ്ടി പാഠ്യപദ്ധതിയിൽ എന്തെല്ലാം നൂതനാശയങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ ഐസിടി. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1, 3, 5, 7 ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി ലഭ്യമാക്കുകയും ചെയ്തു. മറ്റ് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഈ വർഷം തയ്യാറാക്കുന്നതാണ്. അതോടൊപ്പം പാഠഭാഗങ്ങളിൽ നിർമ്മിത ബുദ്ധി (AI) പരിചയപ്പെടുത്തുന്നതിനും ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗത്തിന് "സമഗ്ര പ്ലസ്" ഡിജിറ്റൽ വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പുതുക്കിയ പാഠ്യ പദ്ധതിക്കനുസൃതമായി അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സാങ്കേതികവിദ്യയുടെയും നിർമ്മിത ബുദ്ധിയുടെയും സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും ഘട്ടം ഘട്ടമായി നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാനിക്കുകയും ആദ്യ ഘട്ടമായി സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ 20,469 അധ്യാപകർക്ക് നാലു ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 2024 ഡിസംബറിന് മുൻപ് അധ്യാപക പരിശീലനം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. |
| (ഡി) | വിദ്യാർത്ഥികളെ ലഹരിയുടെ അപകടങ്ങളിൽ നിന്ന് അകറ്റുന്നതിന് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | (ഡി) | ലഹരിയുടെ വിപത്തുകൾ, സമൂഹത്തിലെ സ്ഥിതിവിശേഷം എന്നിവ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മാർഗനിർദേശം ഉൾപ്പെടുത്തിയ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും 2024-2025 അദ്ധ്യയനവർഷാരംഭം നൽകിയിട്ടുണ്ട്. കൂടാതെ 2024-2025 അധ്യയന വർഷം ലഹരി വിരുദ്ധക്യാമ്പയിൻ നടത്തിപ്പിലേക്കായി ഒന്നരക്കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഹൈസ്കൂൾ തലത്തിൽ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ലഹരിയുടെ ദുരുപയോഗം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ഈ അധ്യയന വർഷം ആൻറി ഡ്രഗ് പാർലമെന്റ്, സംവാദസദസ്, ബഹു. മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം, ശിശുദിന അസംബ്ലി, ലഹരി |

| | | | |
|---|---|---|---|
| | | | വിരുദ്ധ സെമിനാർ, ക്ലാസ് സഭ എന്നീ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾതലത്തിൽ രൂപീകരിച്ച ജാഗ്രതാസമിതി, ജാഗ്രതാ ബ്രിഗേഡുകൾ, ജാഗ്രതാ കോ-ഓർഡിനേറ്റർമാർ എന്നിവരെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നേതൃത്വ പരിശീലന പരിപാടികൾ, രക്ഷാകർതൃ വിദ്യാഭ്യാസം, പ്രാദേശിക സംവാദസദസുകൾ എന്നിവ പ്രവർത്തനങ്ങളുടെ ഭാഗമാകും. കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉത്പാദനക്ഷമവും ഫലപ്രദവുമായരീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ (കലാ-കായികം) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹയർസെക്കൻഡറി തലത്തിൽ സൗഹൃദ, കോ-ഓർഡിനേറ്റർമാർ മുഖേന 1650 ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ രണ്ടാംവർഷ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യയന വർഷം വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ-ശിശുവികസന വകുപ്പ്, സാമൂഹ്യനീതിവകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവരുമായി ചേർന്ന് ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP യുമായി ബന്ധപ്പെട്ട ട്രെയിനിങ് എല്ലാ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത SOP യിൽ കേസുകളുടെ റിപ്പോർട്ടിങ്, കൗൺസിലിങ്, റഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം രണ്ടു ലക്ഷത്തോളമുള്ള അദ്ധ്യാപകർക്ക് മേൽ ഘടകങ്ങളെ സംബന്ധിച്ച പരിശീലനം ഈ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകുകയുണ്ടായി. വിവിധ വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ കുട്ടികളുടെ അദ്ധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ഈ അദ്ധ്യയന വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്നതാണ്. ഐ.സി.ടി പഠനത്തിൽ ഇക്കാര്യത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയും വിവിധ തലങ്ങളിലുള്ള ലഹരിയുടെ അപകടങ്ങളെക്കുറിച്ച് പരിശീലനത്തിലും വിനിമയത്തിലും വിശദമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ